KERALA CASHEW BOARD LTD.

CIN: U74999KL2017SGC050663
+91 471 4852855
kcb@keralacashewboard.com
casbkerala@gmail.com
www.keralacashewboard.com

**Notification No.190/KCB/2018 dated 23.10.2018**

## തോട്ടണ്ടി വാങ്ങാൻ താല്പര്യമുള്ള സ്വകാര്യ കശുവണ്ടി യൂണിറ്റുകൾക്കുള്ള രജിസ്ട്രേഷൻ

2017-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കേരള കാഷ്യു ബോർഡ് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും തോട്ടണ്ടി സംഭരിച്ചു ന്യായവിലയ്ക്ക് സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനം നടത്തിവരുകയാണ്.

ആദ്യ ഘട്ടത്തിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കാണ് ഇപ്രകാരം തോട്ടണ്ടി ലഭ്യമാക്കിയത്. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കുകൂടി തോട്ടണ്ടി ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നു. ഇതിനായി ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി വളരെ കുറഞ്ഞ ഒരു മാർജിനോടുകൂടിയുള്ള വിലയിൽ സ്വകാര്യ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി പ്രകാരം സംഭരിക്കേണ്ട തോട്ടണ്ടിയുടെ അളവ് തിട്ടപ്പെടുത്തുന്നതിലേക്കായി സ്വകാര്യ കശുവണ്ടി യൂണിറ്റുകളുടെ തോട്ടണ്ടി ആവശ്യകത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ കേരള കാഷ്യു ബോർഡ് ഉദ്ദേശിക്കുന്നു ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി വാങ്ങാൻ താല്പര്യമുള്ള സ്വകാര്യ യൂണിറ്റുകൾ അവയുടെ പേര് കേരള കാഷ്യു ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അത്തരം സ്ഥാപനങ്ങൾ, അവ വാങ്ങാനുദ്ദേശിക്കുന്ന തോട്ടണ്ടിയുടെ അളവ്, തോട്ടണ്ടി ലഭിക്കേണ്ട കാലയളവ് തുടങ്ങിയ വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഈ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ നിർദിഷ്ട രജിസ്ട്രേഷൻ ഫീസ് സഹിതം ബോർഡ് ഓഫീസിൽ 8/11/2018-നു മുൻപായി ലഭിക്കത്തക്ക തരത്തിൽ പോസ്റ്റ് / കൊറിയർ വഴി അയക്കേണ്ടതാണ്.

23/10/2018

ചെയർമാൻ & മാനേജിങ് ഡയറക്ടർ